പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1838 **26-10-2026-ൽ മറുപടിയ്ക്ക്**

വയോജന ക്ഷേമം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പഴകുളം മധു ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) വയോജന പകൽപരിചരണ കേന്ദ്രങ്ങളും വയോജന സൗഹൃദ കേന്ദ്രങ്ങളും എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

മറുപടി: മുതിർന്ന പൗരന്മാർക്കായി പകൽപരിചരണ കേന്ദ്രങ്ങളും സൗഹൃദ കേന്ദ്രങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഘട്ടം ഘട്ടമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വയോജനങ്ങളിലെ മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൗൺസലിംഗ്, ടെലിമെഡിസിൻ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ;

മറുപടി: നിലവിലെ സർക്കാർ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വയോജനങ്ങളിലെ മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൗൺസിലിംഗ്, ടെലിമെഡിസിൻ തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വയോജന സൗഹൃദ കേരളം എന്ന ലക്ഷ്യത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

മറുപടി: ഉണ്ട്. വയോജനങ്ങൾക്ക് സർക്കാർ ഓഫീസുകളിലും പൊതുസേവന സംവിധാനങ്ങളിലും എളുപ്പത്തിലും വേഗത്തിലും സൗകര്യപ്രദമായും

സേവനം ലഭ്യമാക്കുന്നതിനായി Elder Facilitation Desk (വയോജന സഹായ ഡെസ്ക്) സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു.

സബ്സിഡി നിരക്കിൽ പോഷകാഹാര വിതരണം, വയോജനങ്ങൾക്കുള്ള സ്വയംതൊഴിൽ/വിനോദ പദ്ധതികൾ, ആരോഗ്യ പരിരക്ഷാ പദ്ധതികൾ, പ്രാദേശിക തലത്തിൽ വയോജന കൂട്ടായ്മകൾ രൂപീകരിക്കൽ എന്നിവ കൂടുതൽ കാര്യക്ഷമമായി തദ്ദേശ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ